# ഓടു മേഞ്ഞ വീട്

ഓടു മേഞ്ഞ ഞങ്ങളുടെ വീടിന് അനുബന്ധമായി ഒരു തൊഴുത്തുണ്ടായിരുന്നു. അതിനോടൊപ്പം ഉരൽപ്പുരയും. ആവശ്യമില്ലാതായപ്പോൾ രണ്ടും അടച്ചുറപ്പുള്ള മുറികളാക്കി. രണ്ടും നിറയ്ക്കാൻ മരസ്സാമാനങ്ങളും മറ്റ് ആവശ്യമില്ലാത്ത ഉരുപ്പടികളും ധാരാളം ഉണ്ടായിരുന്നതുകൊണ്ട് മുറികൾ ഐശ്വര്യമായി നിലകൊണ്ടു. തലങ്ങും വിലങ്ങും കൂട്ടിയിട്ടിരിയ്ക്കുന്ന സാധനങ്ങളിൽനിന്ന് ആവശ്യം തോന്നുന്ന എന്തെങ്കിലും തപ്പിയെടുക്കുന്നത് പക്ഷേ എളുപ്പമായിരുന്നില്ല. അവയ്ക്കിടയിൽ ഇഴന്തുക്കളുണ്ടാവുമോ എന്ന പേടിയുമുണ്ട്.

വലിയൊരു മാവും രണ്ടു കടപ്ലാവുകളും ഈ പുരയ്ക്കു കുടപിടിച്ച് നിൽപ്പുണ്ട്. ഓട്ടുമ്പുറത്ത് മാമ്പഴവും കടച്ചക്കയും വീണുവീണ് മേച്ചിലോടുകൾ പൊട്ടുന്നത് പതിവായി. പല പ്രാവശ്യം ഇളക്കിമേഞ്ഞതാണ്. ഇപ്പോൾ വീണ്ടും ചോർന്നൊലിയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു. ഓടുകൾ കുറച്ചു വാങ്ങണം. ഇത്തവണ പട്ടികകളും മാറ്റേണ്ടിവരും. പലതും ചിതലു വന്ന് നശിച്ചിരിയ്ക്കുന്നു. വാങ്ങാൻ ചെല്ലുമ്പോഴാണ് മരത്തിന്റെ വിലയറിയുക. ആശാരിയ്ക്ക് ആയിരം ഉറുപ്പികയാണ് നിലവിലുള്ള കൂലി. തരക്കേടില്ലാത്ത ഒരു സംഖ്യയ്ക്കുള്ള വകുപ്പുണ്ട്.

അപ്പോഴാണ് ഷീറ്റു മേയുന്ന കാര്യം ആലോചിച്ചത്. ചിതലിന്റെ പ്രശ്നം ഇല്ലല്ലോ. ഇടയ്ക്കുള്ള ഇളക്കിമേയലും വേണ്ട. പക്ഷേ ചിലാനം കുറച്ചികം വേണ്ടി വരും. നാൽപതിനായിരം എന്നായിരുന്നു സുജിത്തിന്റെ എസ്റ്റിമേറ്റ്. അത്ര അത്യാവശ്യമല്ലാത്ത കാര്യത്തിന് ഇത്രയ്ക്കു പണം ചെലവാക്കണോ? ഓടു മേഞ്ഞ വീടിന്റെ അരികെ ഷീറ്റു മേഞ്ഞ പുര നിൽക്കുന്നതിന്റെ അഭംഗി വേറെ. കാലവർഷം വേറെ വഴിയ്ക്കു പോയതോടെ ഉടനെ ഒന്നും ചെയ്തില്ലെങ്കിലും കുഴപ്പമില്ല എന്നും തോന്നി. സുജിത്തിനോട് ഒരാഴ്ച കഴിഞ്ഞു വരാൻ പറഞ്ഞ് തൽക്കാലം മടക്കിയയച്ചു.

തൊഴുത്തിൽ പശു മുളഞ്ഞിരുന്ന കാലം. അഞ്ചേമുക്കാലിന് ആമ്പല്ലൂർ വിളി കേട്ടാണ് മാധവി എഴുന്നേൽക്കുക. അക്കരെനിന്ന് തോണി കടന്ന് കണ്ടു അപ്പോഴേയ്ക്കും എത്തിയിരിയ്ക്കും. പശുവിനെ കറക്കാനാണ് കണ്ടുവിന്റെ വരവ്. കണ്ടുവിന് പാലിനുള്ള പാത്രവും വെള്ളവും എടുത്തു കൊടുത്ത് മാധവി അടുപ്പിൽ തീക്കൂട്ടാനിരിയ്ക്കും. തീപ്പിടിപ്പിച്ച അടുപ്പ് അമ്മയെ ഏൽപ്പിച്ച് കുറ്റിച്ചൂലുമെടുത്ത് മുറ്റത്തേയ്ക്കിറങ്ങും. മാധവിയുടെ ദിവസം തുടങ്ങുകയാണ്. മാധവിയെ മാത്രമല്ല, എന്റെ നാട്ടുകാരെ ഒന്നടങ്കം വിളിച്ചുണർത്തുന്നത് ഈ വിളിയാണ്. കൃത്യം ആറേമുക്കാലിനാണ് രണ്ടാമത്തെ വിളി. അതു കേട്ടാണ് ഞാൻ എഴുന്നേൽക്കുക.

എന്റെ ഓർമ്മകൾ തെളിയുന്ന കാലത്ത് ഒരു ദിവസം അച്ഛൻ മണ്ടേമ്പാടത്തിനക്കരേയ്ക്ക് നോക്കിനിൽക്കുന്ന ചിത്രം ഇപ്പോഴും മനസ്സിലുണ്ട്. അവിടെ ഒരു ഇഷ്ടികച്ചൂള ആകാശത്തേയ്ക്കു തലയുയർത്തിയത് നോക്കിയാണ് അച്ഛൻ നിന്നത്. അത് കൊച്ചൂട്ടന്റെ ഓട്ടുകമ്പനി എന്നു നാട്ടുകാർ പിൽക്കാലത്ത് അരുമയോടെ വിളിച്ചു പോന്ന അരവിന്ദാ ടൈൽ ഫാക്ടറിയുടെ ചൂളയായിരുന്നു. അരവിന്ദൻ കൊച്ചൂട്ടന്റെ ഒറ്റമകനാണ്. ഓട്ടുകമ്പനി വന്നതോടെ നാട്ടുകാരുടെ നാവോറുപാട്ടിലെ ഓമനയുണ്ണിയായി അരവിന്ദൻ. ഒരിയ്ക്കൽ എനിയ്ക്കും അരവിന്ദനെ കാണാനുള്ള ഭാഗ്യമുണ്ടായി. രണ്ടാം ക്ലാസ്സിൽ പഠിയ്ക്കുന്ന കാലത്ത് കുറച്ച് ഓടു വാങ്ങാൻ കണ്ടുവിന്റെ കൂടെ കമ്പനിയിൽ പോയപ്പോഴാണത്. സൈക്കിളിന് കാറ്റടിയ്ക്കുന്ന പമ്പു വാങ്ങാൻ വേണ്ടി തൃശ്ശൂരിൽ പോയ അരവിന്ദൻ കമ്പനിയിൽ തിരിച്ചെത്തിയ മുഹൂർത്തത്തിലാണ് ഞാൻ അവിടെ എത്തിയത്. ''ഇതു കിട്ടാൻ വേണ്ടി ഞാൻ എവിടെയൊക്കെ പോയീന്നോ,'' തന്നെ കൺനിറയെ കണ്ടുനിൽക്കുന്ന ആരാധകരെ നോക്കി അരവിന്ദൻ പറഞ്ഞു. ''കൊക്കാല, ചെട്ടിയങ്ങാടി, കുറുപ്പം റോഡ്. എവിടെയെങ്കിലും ഉണ്ടാവണ്ടേ? ഒടുവിൽ പോസ്റ്റാപ്പീസ് റോട്ടിൽനിന്നാണ് കിട്ടീത്.'' അരവിന്ദൻ എല്ലാവർക്കും കാണാൻ തക്കവണ്ണം പമ്പ് ഉയർത്തിക്കാണിച്ചു. അയൽരാജ്യങ്ങളിലൊക്കെ പോയി തിരിച്ചുവന്ന അരവിന്ദനെ ഞാനും ആരാധനയോടെ നോക്കി. ജീവിതത്തിൽ ഏറ്റവും ഭാഗ്യം ഒരോട്ടുകമ്പനിയുടമസ്ഥന്റെ മകനാവുന്നതാണ് എന്ന് ഞാനുറപ്പിച്ചു. സ്വന്തമായി സൈക്കിൾ, അതിൽ കാറ്റടിയ്ക്കാൻ സ്വന്തമായി എയർപ്പമ്പ്, കൊക്കാലേയ്ക്കും ചെട്ടിയങ്ങാടിയിലേയ്ക്കുമുള്ള യാത്ര. എന്തു സുഖസമൃദ്ധമായ ജീവിതം!

ലോകത്തിൽ കൊച്ചൂട്ടന്റെ ഓട്ടുകമ്പനി മാത്രമല്ല ഉള്ളതെന്ന് പിന്നീടാണ് അറിയുന്നത്. നേരം വെളുക്കും മുമ്പ് വീടിന്റെ വടക്കു ഭാഗത്ത് പാടവും പുഴയും വേർതിരിയ്ക്കുന്ന വഴിയിലൂടെ പണിക്കാർ കയ്യിൽ തൂക്കുപാത്രവുമായി തിരക്കിട്ടു നടന്നു പോവുന്നത് അളഗപ്പ ടൈൽ ഫാക്ടറിയിലേയ്ക്കാണെന്നും അപ്പോഴാണ് അറിയുന്നത്. ആമ്പല്ലൂർവിളിയുടെ രഹസ്യം അറിയുന്നതും അപ്പോഴാണ്. അളഗപ്പ ടൈൽ ഫാക്ടറിയിലെ ജോലിക്കാർക്കുള്ള സൈറണായിരുന്നു അത്.

ഓട്ടുകമ്പനികളുടെ നാടാണ് ഞങ്ങളുടേതെന്ന് പിന്നീട് അറിഞ്ഞു. കരുവന്നൂർ, ഒല്ലൂർ, എടക്കുന്നി, മണലി, പുതുക്കാട്, ആമ്പല്ലൂർ, നന്ദിക്കര, കൊടകര എന്നിവിടങ്ങളിൽ ധാരാളം ഓട്ടുകമ്പനികളുണ്ടായിരുന്നു. രണ്ടു തരത്തിലുള്ള ജോലിയാണ് നാട്ടിലുണ്ടായിരുന്നത്. കൂലിപ്പണിയും കമ്പനിപ്പണിയും. കമ്പനിപ്പണി എന്നു വെച്ചാൽ ഓട്ടുകമ്പനിയിലെ ജോലി തന്നെ. എന്റെ അയൽവാസിയായ മണി ഭാര്യ ഓമനയോടും മകൾ ദിനുവിനോടും ഒപ്പമാണ് രാവിലെ പൂച്ചിന്നിപ്പാടത്തെ ഓട്ടുകമ്പനിയിലേയ്ക്കു പോവുന്നത്.

ഓട്ടുകമ്പനികൾ വ്യാപകമായതോടെ കൃഷി നടക്കുന്ന പാടങ്ങളിൽനിന്ന് മണ്ണ് കുഴിച്ചെടുക്കുന്നത് സ്ഥിരം കാഴ്ചയായി. കൃഷിയേക്കാൾ ലാഭം മണ്ണു വിൽക്കുന്നതാണ് എന്ന് ഞങ്ങളുടെ നാട്ടിലെ കൃഷിക്കാരും കണ്ടുപിടിച്ചു. ഞങ്ങളുടെ മണ്ടേമ്പാടവും കുണ്ടും കുഴിയുമായി. അതോടെ കൃഷിക്കാരും ഓട്ടുകമ്പനിക്കാരും ഒന്നോടെ കയ്യൊഴിഞ്ഞു. കൃഷി നിലച്ചതോടെ മണ്ടേമ്പാടത്തുനിന്ന് കിളികളും തവളകളും ഒഴിഞ്ഞുപോയി. മണ്ടേമ്പാടം തരിശുഭൂമിയായി.

ഓട്ടുകമ്പനികൾ പിന്നേയും മുളച്ചുകൊണ്ടിരുന്നു. ബോംബെയിൽനിന്ന് വരുംവഴി അതിരാവിലെ തൃശ്ശൂരിൽ വണ്ടിയിറങ്ങി വീട്ടിലേയ്ക്കുള്ള വഴിയിൽ എത്തിയപ്പോൾ വഴിയോരത്തു കൂറ്റൻ ചൂള കണ്ട് വഴി തെറ്റിയോ എന്ന് ശങ്കിച്ചിട്ടുണ്ട്. അത് പുതുതായി തുടങ്ങിയ പാർവതി ക്ലേ പ്രോഡക്റ്റ്സിന്റെ ചൂളയായിരുന്നു. ടെലഫോൺ സർവ്വവ്യാപിയാവുന്നതു വരെ ഞങ്ങളുടെ ഏറ്റവും അടുത്തുള്ള ബൂത്തും അതായിരുന്നു. നാട്ടുകാർ പലർക്കും ഫോൺ വന്നിരുന്നത് അവിടേയ്ക്കാണ്.

പാർവ്വതി ക്ലേ പ്രോഡക്റ്റ്സ് പ്രതിസന്ധി നേരിടുകയാണെന്ന് അതിന്റെ ഉടമസ്ഥന്മാർ മാറി മാറി വരുന്നതിൽനിന്ന് ഊഹിച്ചിരുന്നു. കുറേ കാലം വലിയ കുഴപ്പമില്ലാതെ നടത്തിയ വാസുവേട്ടന്റെ കയ്യിൽനിന്ന് ഒരു തെലുങ്കനാണ് അതു വാങ്ങിയത്. ഒരു ദിവസം രാവിലെ ജോലിയ്ക്കു പോവുമ്പോൾ എന്റെ ബസ്സ് വഴിമുടങ്ങി നിന്നുപോയി. എതിരെ തമിഴ്നാട് രജിസ്ട്രേഷനുള്ള പതിനെട്ടു ലോറികൾ വരിവരിയായി നിൽക്കുന്നു. പാർവ്വതിയിലേയ്ക്കു കൊണ്ടുവന്ന മണ്ണുലോറികളായിരുന്നു. പച്ചക്കറിയ്ക്കും പുറമേ മണ്ണും ഇപ്പോൾ തമിഴ്നാട്ടിൽ നിന്നു വരണമല്ലോ എന്ന് തമാശയായി ഞാൻ ചിന്തിച്ചുപോയി.

അത് തമാശയായിരുന്നില്ലെന്നറിഞ്ഞത് കഴിഞ്ഞ ആഴ്ച മാധ്യമം പത്രത്തിൽ വന്ന 'ഓടു വ്യവസായം സർക്കാരിനും വേണ്ട' എന്ന കെ. ആർ. ഔസേഫിന്റെ സ്റ്റോറി വായിച്ചപ്പോഴാണ്. തൃശ്ശൂർ ജില്ലയിൽ കളിമണ്ണ് കിട്ടാതായതോടെ അയൽജില്ലയായ പാലക്കാട്ടുനിന്ന് മണ്ണെത്തിയ്ക്കാൻ ശ്രമിച്ചുവത്രേ. പല കാരണങ്ങൾകൊണ്ടും അതു തടസ്സപ്പെട്ടപ്പോൾ അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചു നോക്കി. ''കർണാടകയിൽ ഓടു വ്യവസായത്തിനു മണ്ണെടുക്കുന്ന മാളൂരിൽനിന്ന് മണ്ണ് ഉണക്കി കൊണ്ടുവരാനായിരുന്നു ശ്രമം. എന്നാൽ ലോറി തമിഴ്നാട് ചെക്പോസ്റ്റ് കടന്ന് കേരളത്തിലെത്തിയതോടെ നിയമങ്ങളുടെ നൂലാമാലകളുമായി വീണ്ടും പോലീസും ഉദ്യോഗസ്ഥരുമെത്തി. അമിതഭാരം കയറ്റിയെന്ന പേരിൽ വാഹനങ്ങൾ തടഞ്ഞു. മതിയായ രേഖകൾ കാണിച്ച ശേഷവും നിസ്സാരകാരണങ്ങൾ പറഞ്ഞ് പോലീസ് വൻതുക ഫൈനടപ്പിച്ചു.'' അധികം പറയേണ്ടതില്ലല്ലോ. മണ്ണു കിട്ടാനുള്ള അവസാനശ്രമവും പാഴായി.

അധികം താമസിയാതെ ഓട്ടുകമ്പനികൾ ക്ഷയിച്ചു തുടങ്ങി. ഒരു കാലത്ത് ഓലയെ മാറ്റി ആഢ്യത്തത്തോടെ മേഞ്ഞുവന്ന ഓടിന് കോൺക്രീറ്റ് സൗധങ്ങൾക്കു വഴിമാറിക്കൊടുക്കേണ്ടി വന്നതു തന്നെയാണ് പ്രധാനകാരണം. കെ. ആർ. ഔസേഫിന്റെ വാക്കുകൾ കുറച്ചുകൂടി ചേർക്കട്ടെ: ''സംസ്ഥാനത്തെ ഓടുവിപണി മാന്ദ്യത്തിലായതോടെ അയൽസംസ്ഥാനത്തുനിന്ന് ഓട് ഉപയോഗിച്ചുള്ള മറ്റു വസ്തുക്കൾ എത്തിത്തുടങ്ങി. തറയോടിന്റെ വിപണി സജീവമായി. നിർമ്മാണസാമഗ്രികൾ കിട്ടാതായതോടെ വിലക്കയറ്റമുണ്ടായി. ഇതോടെ വിപണിയുടെ പ്രയോജനം ഉടമകൾക്ക് ലഭിച്ചില്ല. സമാന്തരഉൽപ്പന്നങ്ങൾ വിപണിയിത്തെിയതും ഓടുവ്യവസായത്തിന്റെ തകർച്ചയ്ക്കു കാരണമായി. അലങ്കാര ഓടുകളുടെ വിപണിയും കേരളത്തിലെ പരമ്പരാഗത നിർമ്മാണശൈലിയുമാണ് ഒരു പരിധി വരെ ഇപ്പോൾ കേരളത്തിന് സാദ്ധ്യത നൽകുന്നത്.''

അരവിന്ദാ ടൈൽ വർക്സിന്റെ കഥയും അതായിരുന്നു. കൊച്ചൂട്ടന്റേയും അരവിന്ദന്റേയും കാലശേഷം അത് അവസാനിച്ചു. അരവിന്ദന്റെ മക്കൾ അത് വേറെ ചിലർക്കു കൈമാറി. അവരാവട്ടെ അതിനെ ക്ലേ ഫിംഗേഴ്സ് എന്ന ഒരാധുനികസ്ഥാപനമാക്കി മാറ്റി. അതിഭംഗിയുള്ള ഭരണികളും ചട്ടികളും കൂജകളും മേത്തരം കളിമണ്ണുപയോഗിച്ചു നിർമ്മിയ്ക്കാൻ തുടങ്ങി. സായിപ്പന്മാർ വിഹരിയ്ക്കുന്ന ആ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ അധികവും കയറ്റുമതിയ്ക്കു വേണ്ടിയാണ്. അവിടെത്തന്നെ താമസിച്ച് നമുക്കിഷ്ടമുള്ള രൂപത്തിൽ പാത്രങ്ങളും കൗതുകവസ്തുക്കളും ഉണ്ടാക്കിയെടുക്കാനുള്ള സൗകര്യവുമുണ്ട്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുള്ള നവീകരണമാണ് അവർ നടത്തിയത്.

പഴയ രീതിയിൽ നിർമ്മാണം തുടർന്നവയാവട്ടെ പിടിച്ചു നിൽക്കാൻ പാടുപെടുകയാണ്. പകുതിയിലധികം കമ്പനികളും പൂട്ടിക്കഴിഞ്ഞു. ബാക്കിയുള്ളവയിൽത്തന്നെ പലതും ആഴ്ചയിൽ മൂന്നു ദിവസമാണ് പ്രവർത്തിയ്ക്കുന്നത്. മണിയെ ഇപ്പോൾ വല്ലപ്പോഴുമേ ബസ്സിൽ കാണാറുള്ളു. പണി കുറവാണെന്ന് അയാൾ പറഞ്ഞു. ഓമനയേയും ദിനുവിനേയും എന്നും കാണാം. ഓട്ടുകമ്പനിയിൽ ഇപ്പോൾ അധികവും പെണ്ണുങ്ങളാണത്രേ പണിയെടുക്കുന്നത്. ചൂളപ്പണിയ്ക്കു പോലും ഇപ്പോൾ പെണ്ണുങ്ങളാണ്. എന്നാലും എത്ര കാലം ഉണ്ടാവും ഈ ജോലി എന്ന് ഓമനയ്ക്കും ഉറപ്പില്ല. ''ദിനൂന്റെ കല്യാണം കൂടി കഴിയണ വരെ കമ്പനി ഉണ്ടാവണേ എന്നാണ് എന്റെ പ്രാർത്ഥന,'' ഓട്ടുകമ്പനിയുടെ സ്ഥിതി ആരാഞ്ഞ ഒരാളോട് ഒരു ദിവസം ഓമന പറയുന്നതു കേട്ടു.

ഒരു കാലത്ത് ഒരു നാടിനെ മുഴുവൻ വിളിച്ചുണർത്തിയിരുന്നത് ഒരോട്ടുകമ്പനിയുടെ സൈറൺ ആയിരുന്നു എന്ന് ഇന്ന് ആലോചിയ്ക്കുമ്പോൾ രസം തോന്നുന്നു. പണിയെടുക്കാനുള്ള വിളിയായിരുന്നു അത്. ആലസ്യത്തിൽനിന്ന് എഴുന്നേൽക്കാനുള്ള ആഹ്വാനം. ആമ്പല്ലൂർ വിളി ഇപ്പോഴുമുണ്ട്. പക്ഷേ അത് ഞങ്ങളുടെ കാതിൽ എത്താറില്ല. അതിലും മുമ്പേ ഞങ്ങളുടെ നാട് ശബ്ദമുഖരിതമാവും. ഞങ്ങളെ ഉണർത്തുന്നത് ഇപ്പോൾ അമ്പലങ്ങളിൽ നിന്ന് അലമുറയിടുന്ന ഭക്തിഗാനങ്ങളാണ്. അദ്ധ്വാനത്തിലേയ്ക്കല്ല അമ്പലത്തിന്റെ ആലസ്യത്തിലേയ്ക്കുള്ള വിളിയാണ് അത്.

ഇക്കൊല്ലം മഴ കുറവാണ്. മകീരം-തിരുവാതിര ഞാറ്റുവേലകളിൽ കാര്യമായി പെയ്തില്ല. പുണർതമായപ്പോൾ മഴ വീണ്ടും പെയ്തു തുടങ്ങി. തൊഴുത്തുപുര ഇപ്പോൾ നല്ലവണ്ണം ചോർന്നൊലിയ്ക്കുന്നുണ്ട്. അത് എങ്ങനെയും നേരെയാക്കണമെന്നു തീർച്ചയായി. ഇളക്കി മേയണോ ഷീറ്റ് ഇടണോ എന്നു മാത്രമേ തീരുമാനിയ്ക്കാനുള്ളു.

മരത്തിന്റെ വില, ആശാരിയുടെ കൂലി, വീണ്ടും വരാവുന്ന ചിതലുകൾ. അതിനും പുറമേ ഓട്. നിർമ്മാണം കുറഞ്ഞതിൽപ്പിന്നെ ഇപ്പോൾ ഓടിനും നല്ല വിലയാണ്.

മൊബൈൽ ഫോണെടുത്ത് ഞാൻ സുജിത്തിന്റെ നമ്പർ തപ്പാൻ തുടങ്ങി.

**(ജനയുഗം, 24-07-2014)**